# പതിനാലാം കേരള നിയമസഭ
# (നാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:96** **02.03.2017-ൽ മറുപടിയ്ക്ക്**

## ഗ്രീൻ കോറിഡോർ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ ഹൈബി ഈഡൻ<br>ശ്രീ അൻവർ സാദത്ത്<br>ശ്രീ എം. വിൻസെന്റ് | | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യു വ്യവസായവും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്തിന്റെ കടലോര മേഖലയിൽ ഗ്രീൻ കോറിഡോർ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | എ) | തീരദേശമേഖലയിലെ മത്സ്യബന്ധന തുറമുഖങ്ങളെയും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളെയും ബന്ധിപ്പിച്ചുകൊണ്ട് ഗ്രീൻ കോറിഡോർ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രീ-ഫീസിബിലിറ്റി റിപ്പോർട്ട് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കി നൽകിയിട്ടുണ്ട്. എന്നാൽ തീരദേശ ഹൈവേ പി.ഡബ്ല്യൂ.ഡി മുഖേന നടപ്പാക്കുമെന്നാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. |
| ബി) ഇന്ത്യയിൽ ജനസാന്ദ്രത ഏറ്റവും കൂടുതലുള്ള കേരളതീരത്ത് ഈ പദ്ധതി നടപ്പിലാക്കുന്നത് ജനജീവിതം ദുസ്സഹമാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഇല്ല. വിശദമായി പരിശോധിച്ചതിനുശേഷമേ ഇക്കാര്യത്തിൽ സർക്കാർ അന്തിമതീരുമാനം എടുക്കുകയുള്ളൂ. തീരദേശ ഗ്രീൻ കോറിഡോർ നിലവിൽ വന്നാൽ ജനജീവിതം കൂടുതൽ സൗകര്യപ്രദമാവുകയാണ് ചെയ്യുന്നത്. |
| സി) കടലോരത്ത് താമസിക്കുന്ന 36000 ത്തോളം കുടുംബങ്ങളെ ഈ പദ്ധതി നടപ്പിലാക്കിയാൽ കുടിയൊഴിപ്പിക്കേണ്ടിവരുമോ; | സി) | ഉദിക്കുന്നില്ല. |
| ഡി) വ്യാപകമായ പ്രതിഷേധത്തിന്റെ വെളിച്ചത്തിൽ ഈ പദ്ധതി പുനപരിശോധിക്കുമോ? | ഡി) | ഉദിക്കുന്നില്ല. |

സെക്ഷൻ ആഫീസർ